അടിച്ച റിപ്പോർട്ടു പ്രകാരം സൗത്ത് കാനറയിലെ പതിനെട്ട് എം.എൽ.എ. മാർ പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ കണ്ട് ചന്ദ്രഗിരി—പയേശ്വനി തുടങ്ങിയ നദിയുടെ അപ്പുറത്തുള്ള വടക്കൻ പ്രദേശം കർണ്ണാടകത്തിൽ ലയിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചതായി കാണുന്നു. ഇന്ദിരാ കോൺഗ്രസ്സിന്റെ ആ പ്രദേശത്തെ ഏറ്റവും പ്രമുഖ നേതാക്കളായ ശ്രീമതി മനോരമ മാധവരാജ്, ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ആദന്തയ്യ ഇവരുടെ നേതൃത്വത്തിലാണ് പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക് ഈ നിവേദനം കൊടുത്തിട്ടുള്ളത്. സ്വാഭാവികമായും കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ എം.എൽ.എ. മാർ അതും അറിയപ്പെടുന്ന പ്രമുഖരായ എം.എൽ.എ. മാർ ഉത്തരവാദിത്വത്തോടുകൂടി ഇത്തരത്തിലുള്ള ഒരു നിവേദനം കൊടുക്കണമെങ്കിൽ കർണ്ണാടകത്തിലേക്ക് കാസർകോഡിനെ കൊണ്ടുപോകാനുള്ള എന്തോ ഗൂഢശ്രമം അറിഞ്ഞു കൊണ്ടുതന്നെ നടത്തുന്നുവെന്ന് സാമാന്യമായി ധരിക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം. കാസർകോഡ് പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങളിൽ നമ്മൾ താൽപ്പര്യമെടുക്കുകയും കാസർകോഡ് പ്രദേശം ഒരു കാരണവശാലും വിട്ടുകൊടുക്കാൻ കഴിയുകയില്ലെന്ന നിലപാട് എടുക്കുകയും ചെയ്തതിനുശേഷം ദക്ഷിണ കർണ്ണാടകത്തിലെ കോൺഗ്രസ്സ് (ഐ) നേതാക്കൻമാർ ഭാഷാവികാരവും പ്രാദേശിക വികാരവും ഇളക്കിക്കൊണ്ട് പ്രശ്നം ഉണ്ടാക്കാൻ ശ്രമിക്കുന്നത് കേന്ദ്ര നേതൃത്വത്തിന്റെ അറിവോടുകൂടിയുള്ള ഗുരുതരമായ പ്രശ്നമാണ്. അത് ഗുരുതരമായി സംസ്ഥാന ഗവൺമെന്റ് കണക്കിലെടുക്കുകയും ആ പ്രശ്നം ഒരു കാരണവശാലും രണ്ടാമത് തുറക്കാൻ സാദ്ധ്യമല്ലെന്ന നിലപാട് എടുക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇതിൽ വലിയ ഉൽക്കണ്ഠയ്ക്കു അവകാശമുണ്ടെന്നു കരുതുന്നില്ല. മലബാറിൽ ഒരു ചൊല്ലുണ്ട്. അതായത് ''അറയ്ക്കലെ ബീവിയെ കെട്ടാൻ പകുതി സമ്മതം'' എന്ന്. അതുപോലെയാണ് ഇത്. കർണ്ണാടകത്തിലെ എം.എൽ.എ. മാർ . ആവശ്യപ്പെട്ടാലും ശരി അടുത്തകാലത്തുപോലും പ്രധാനമന്ത്രിയുമായി ഞാൻ ഈ കാര്യം സംസാരിക്കാൻ ഇടയായിട്ടുണ്ട്. സംസാരിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് വിശദീകരിക്കേണ്ട കാര്യമില്ല. കർണ്ണാടകത്തെക്കുറിച്ചുള്ള കാര്യങ്ങൾ സംസാരിച്ച കൂട്ടത്തിലാണ് സംസാരിച്ചത്. ഏതായാലും ശരി ഇത് റീ—ഓപ്പൺ ചെയ്യുന്ന പ്രശ്നമില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഞാൻ മുമ്പ് പ്രസ്താവിച്ചിട്ടുള്ളത് ആവർത്തിക്കുകയാണ്. ഒരു മീറ്റർ മണ്ണ് പോലും മറ്റ് സംസ്ഥാനത്തിലേക്ക് പോകുന്ന പ്രശ്നമില്ല.

IV. റിപ്പോർട്ട് സമർപ്പണം

(1) നാലാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1985—ലെ കേരള അവശ്യ സാധന നിയന്ത്രണ ബിൽ.

Minister for Industries (**Shri E. Ahammed**): Sir, I present the report of the Subject Committee on the Kerala Essential Articles Control Bill, 1985 together with the Bill as reported by the Subject Committee.

LIBRARY ARCHIVES Kerala Legislative Assembly